കേരള സർക്കാർ
സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഉടുമ്പൻചോല നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ടതും 2016 വർഷത്തിൽ നബാർഡ് പദ്ധതിയിൽ അനുമതി ലഭിച്ചതുമായ പ്രവൃത്തികൾ- പദ്ധതി നിർവ്വഹണം അംഗീകൃത അക്രെഡിറ്റഡ് ഏജൻസിയായ വാപ്കോസ് ലിമിറ്റഡ് (WAPCOS Ltd.) എന്ന സ്ഥാപനത്തെ ഏൽപ്പിച്ച് ഉത്തരവാകുന്നു.

തദ്ദേശ സ്വയംഭരണ (ഡിഡി ) വകുപ്പ്

**സ.ഉ.(സാധാ).നം./1314/2018/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 10/05/2018

പരാമർശം:- 1. 25.07.2017 ലെ സ.ഉ(പി) നം. 95/2017/ധന നമ്പർ സർക്കാർ ഉത്തരവ്.
2. ബഹു.വൈദ്യുതിവകുപ്പ്മന്ത്രിയുടെ18/1/2018-ലെ7909/Note/ VIP/Min(Ele.)/2018 നമ്പർ കുറിപ്പ്.

ഉത്തരവ്

ഉടുമ്പൻചോല നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ടതും 2016 വർഷത്തിൽ നബാർഡ് പദ്ധതിയിൽ അനുമതി ലഭിച്ചതുമായ കരടിയള്ള് - രാമക്കൽമേട് റോഡ് - 3 കോടി , ഗാന്ധിജി ഇംഗ്ലീഷ് മീഡിയം ഗവണ്മെന്റ് ഹൈസ്കൂൾ ,ശാന്തിഗ്രാം കെട്ടിട നിർമ്മാണം - 2 കോടി എന്നീ പ്രവൃത്തികളുടെ നിർവ്വഹണം കേന്ദ്ര സർക്കാരിന്റെ പൊതുമേഖലാ സ്ഥാപനമായ WAPCOS Ltd.-നെ ഏല്പിക്കുവാൻ പ്രത്യേക അനുമതി നൽകണമെന്ന് പരാമർശം(2)-ലെ കുറിപ്പിൽ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതുമരാമത്ത് പണികളുടെ നിർവ്വഹണം അക്രഡിറ്റഡ് ഏജൻസികളെ ഏൽപ്പിക്കുന്നത് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള പരാമർശ സർക്കാർ ഉത്തരവിലെ ഖണ്ഡിക 3(3)-ൽ താഴെ പറയും പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

"The Administrative Department shall adopt a fair and competitive bidding process for selection of an Accredited Agency from those enlisted based on technical requirement, Centage charge etc."

എന്നിരുന്നാലും, WAPCOS Ltd. എന്ന സ്ഥാപനം കേന്ദ്ര ജലവിഭവ വകുപ്പിന്റെ കീഴിലെ ഒരു പൊതുമേഖലാസ്ഥാപനമായതിനാൽ ഒരു പ്രത്യേക കേസ്സായി പരിഗണിച്ച്, പരാമർശ സർക്കാർ ഉത്തരവിലെ ഖണ്ഡിക 3(3)-ലെ മേൽ വ്യവസ്ഥയിൽ ഇളവ് അനുവദിച്ച് , ഉടുമ്പൻചോല നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ടതും 2016 വർഷത്തിൽ നബാർഡ് പദ്ധതിയിൽ അനുമതി ലഭിച്ചതുമായ കരടിയള്ള് - രാമക്കൽമേട് റോഡ് - 3 കോടി , ഗാന്ധിജി ഇംഗ്ലീഷ് മീഡിയം ഗവണ്മെന്റ് ഹൈസ്കൂൾ, ശാന്തിഗ്രാം കെട്ടിട നിർമ്മാണം - 2 കോടി എന്നീ പ്രവൃത്തികളുടെ നിർവ്വഹണം WAPCOS Ltd -നെ ഏല്പിക്കുവാൻ പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

3. പരാമർശ ഉത്തരവിലെ ഖണ്ഡിക 3 ഉപഖണ്ഡിക 11 ൽ വ്യവസ്ഥ ചെയ്തിട്ടുള്ള കോൺട്രാക്ടേഴ്സ് പ്രോഫിറ്റിന് WAPCOS ന് അർഹത ഉണ്ടായിരിക്കുന്നതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ.ബി.അശോക്.ഐ.എ.എസ്**

" " "
സെക്രട്ടറി

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എആന്റ്ഇ) കേരള, തിരുവനന്തപുരം
ഡയറക്ടർ , ഐ കെ എം , തിരുവനന്തപുരം
ധനകാര്യ വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു.വൈദ്യുതി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്